## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1414 — 30.01.2018 -ൽ മറുപടിക്ക്

## കൊല്ലം ജില്ലയിലെ റവന്യൂ വില്ലേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. നൗഷാദ് : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിൽ പുതിയ റവന്യൂ വില്ലേജുകൾ രൂപീകരിക്കാനുള്ള ശിപാർശ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) ഇല്ല. |
| (ബി) കൊല്ലം ജില്ലയിലെ വടക്കേവിള വില്ലേജ് വിഭജിച്ച് പുതിയ വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യം പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) കൊല്ലം ഈസ്റ്റ് വില്ലേജിൽ നിന്നും വടക്കേവിള വില്ലേജിൽ നിന്നുമുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി കടപ്പാക്കട വില്ലേജ് രൂപീകരിക്കണമെന്നുള്ള മുൻ കൗൺസിലർ ശ്രീ.സുരേഷ് ബാബു 16-12-2016-ൽ സമർപ്പിച്ച നിവേദനത്തിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ കൊല്ലം ജില്ലാ കളക്ടർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ